**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2002** **04-02-2026 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ക്ഷീരകർഷകർ നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയെന്നും അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയെന്നും വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ക്ഷീരകർഷകർ നിലവിൽ നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടത് വർദ്ധിച്ചു വരുന്ന തീറ്റച്ചെലവാണ്. സ്ഥല പരിമിതി, കാലാവസ്ഥാ വ്യതിയാനം എന്നിവ കാരണം കേരളത്തിലെ കന്നുകാലികൾക്കാവശ്യമായ പച്ചപ്പുല്ലിന്റെ 50 ശമാനത്തിൽ താഴെ മാത്രമാണ് ആഭ്യന്തര ഉൽപാദനം. വൈക്കോൽ, മറ്റു തീറ്റ വസ്തുക്കൾ എന്നിവയ്ക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. തീറ്റച്ചെലവ്, ജോലിക്കൂലി എന്നിവ കൂടുന്നതു കൊണ്ട് പാൽ ഉൽപാദനച്ചെലവ് കേരളത്തിൽ കൂടുതലാണ്.<br><br>ഉൽപാദനച്ചെലവ് കുറയ്ക്കാൻ ക്ഷീരവികസന വകുപ്പ് പദ്ധതികളായ തീറ്റപ്പുൽ വികസന പദ്ധതി, കാലിത്തീറ്റ വിതരണ പദ്ധതി, തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള പാലിന് സബ് സിഡി, കാലിത്തീറ്റ സബ് ഡിഡി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഡയറി ഫാമിംഗിനായി എടുക്കുന്ന ലോണിന്റെ 5 വർഷം വരെയുള്ള പലിശ മുഴുവൻ (പ്രതി വർഷം പരമാധി 3 ലക്ഷം രൂപ) സബ്സിഡിയായി നൽകുന്ന ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>രാജ്യത്ത് ക്ഷീരസംഘങ്ങളിലൂടെ എറ്റവും കൂടുതൽ പാൽ വില നൽകി വരുന്നത് കേരളത്തിലാണ്. കന്നുകാലികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ്, പരമ്പരാഗത കർഷകരുടെ കൊഴിഞ്ഞു പോക്ക് എന്നിവയും പ്രതിസന്ധികളാണ്. എം എസ് ഡി പി പദ്ധതിയിൽ കൂടുതൽ പുതിയ ഉരുക്കളെ കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ചെറുകിട കർഷകരെ സഹായിക്കാൻ 1 പശു, 2 പശു, 5 പശു യൂണിറ്റുകൾക്ക് സബ് സിഡി നൽകുന്നു. 50 കിടാരികളെ വീതം വളർത്തുന്ന ഹീഫർ പാർക്ക് നടപ്പിലാക്കുന്നു. തോട്ടം മേഖലയിൽ 10 പശുക്കളുടെ |

ക്ഷീര ലയം പദ്ധതി, തീരദേശ കയർ മേഖലയിൽ 2 പശുക്കൾ വീതമുള്ള ക്ഷീരതീരം പദ്ധതി എന്നിവ വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരസാന്ത്വനം പദ്ധതിയിലേക്ക് മിൽമയുടെ വിഹിതമായി നൽകിയിരുന്ന തുക, 500 രൂപയിൽ നിന്നും 600 രൂപയായി ഉയർത്തിയിട്ടുണ്ട്. ക്ഷീരകർഷകരുടെ പ്രയാസങ്ങൾ മനസിലാക്കിക്കൊണ്ട് ഉൽപ്പാദനചെലവ് കുറച്ചുകൊണ്ട് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ മിൽമ കർഷകർക്ക് ലഭ്യമാക്കുന്നു. മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. ഉൽപാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം എന്നിവയും കർഷകർക്ക് നൽകുന്നുണ്ട്. ക്ഷീരകർഷകർക്ക് സ്ഥിരമായ വിലയും വിപണിയും ഉറപ്പുവരുത്തിക്കൊണ്ട്, കർഷകർ ക്ഷീരസഹകരണ സംഘങ്ങളിലൊഴിക്കുന്ന പാലിന് ഗുണനിലവാരത്തിന് അനുസരിച്ചുള്ള വില കൃത്യമായ ഇടവേളകളിൽ നൽകി വരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷുറൻസ് പദ്ധതി മിൽമ മേഖലാ യൂണിയനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2023-ൽ ഇന്ത്യയിൽ ആദ്യമായാണ് മലബാർ മേഖലായൂണിയൻ പശുക്കൾക്ക് വേണ്ടി കാലാവസ്ഥാ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ മാർക്കറ്റിംഗ് സർപ്ലസ് ഡയറികളിലെത്തിക്കുകയും അത് ഉൽപാദന പ്രക്രിയയ്ക്ക് വിധേയമാക്കി പാലും പാലുൽപ്പന്നങ്ങളുമാക്കി വിൽപ്പന നടത്തി ലഭിക്കുന്ന ആദായത്തിന്റെ 83 ശതമാനവും കർഷകരിലേക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളുമായി തിരികെ നൽകുന്നു. അതോടൊപ്പം തന്നെ സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടു കൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്.

| | | | |
|---|---|---|---|
| | | | ഇവ കൂടാതെ, അതാത് കാലങ്ങളിൽ വിവിധ കാലിത്തീറ്റ സബ്സിഡികൾ നൽകിക്കൊണ്ടും സംഘങ്ങൾ വഴി കുറഞ്ഞ വിലയ്ക്ക് പുല്ലും ചോളത്തണ്ടുമെല്ലാം എത്തിച്ചുകൊണ്ടും, മറ്റനേകം കർഷക ക്ഷേമപ്രവർത്തനങ്ങളായും മിൽമ പ്രവർത്തന ലാഭത്തിന്റെ 98 ശതമാനവും ക്ഷീരകർഷരിലേക്ക് തന്നെ തിരികെ എത്തിക്കുന്നുണ്ട്.<br><br>കൂടാതെ, കേരളാബാങ്ക്, വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ക്ഷീരവികസന വകുപ്പ് എന്നീ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് അതാത് വകുപ്പ് പ്രതിനിധികളുമായി വിശദമായി ചർച്ച നടത്തുകയും, അവയിൽ നിന്നും മിൽമയ്ക്ക് അനുയോജ്യമായവ കണ്ടെത്തി, അതിന്റെ വിശദാംശങ്ങൾ സർക്കുലർ രൂപത്തിൽ, മേഖലാ യൂണിയനുകൾക്കു കീഴിലുള്ള സംഘങ്ങൾ വഴി കർഷകർക്കിടയിൽ എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീരവൃത്തി ഉപജീവനമാക്കിവവർക്ക് ഈ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വളർച്ച കൈവരിക്കാനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ആയതിലൂടെ ക്ഷീരമേഖലയിൽ പുത്തൻ ഉണർവ് കൊണ്ടുവരുവാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു |
| (ബി) | സംസ്ഥാനത്ത് ക്ഷീരമേഖലയിൽ ഉല്പാദന ചെലവുകൾ വർദ്ധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; ഇത് തരണം ചെയ്യുന്നതിന് എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് ക്ഷീരമേഖലയിൽ ഉത്പ്പാദന ചെലവുകൾ വർദ്ധിച്ചതായി വിലയിരുത്തിയിട്ടുണ്ട്. തീറ്റച്ചെലവ്, ജോലിക്കൂലി എന്നിവ കൂടുന്നതു കൊണ്ട് പാൽ ഉൽപാദനച്ചെലവ് കേരളത്തിൽ കൂടുതലാണ്. ഉൽപാദനച്ചെലവ് കുറയ്ക്കാൻ വകുപ്പ് പദ്ധതികളായ തീറ്റപ്പുൽ വികസന പദ്ധതി, കാലിത്തീറ്റ വിതരണ പദ്ധതി, തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള പാലിന് സബ്സിഡി, കാലിത്തീറ്റ സബ് ഡിഡി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഡയറി ഫാമിംഗിനായി എടുക്കുന്ന ലോണിൻറെ 5 വർഷം വരെയുള്ള പലിശ മുഴുവൻ (പ്രതി വർഷം പരമാധി 3 ലക്ഷം രൂപ) സബ്സിയായി നൽകുന്ന ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. രാജ്യത്ത് ക്ഷീരസംഘങ്ങളിലൂടെ എറ്റവും കൂടുതൽ പാൽ വില നൽകിവരുന്നത് കേരളത്തിലാണ്.<br><br>വർദ്ധിച്ചു വരുന്ന ഉല്പാദന ചെലവുകൾ തരണം ചെയ്യുന്നതിനായി മിൽമ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു. |

- കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിലേക്കായി ഇക്കഴിഞ്ഞ സാമ്പത്തിക വർഷം വർഷത്തിലുടനീളം (12 മാസവും) ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് കാലിത്തീറ്റയ്ക്ക് സബ്‌സിഡി അനുവദിച്ചിട്ടുണ്ട്. കാലിത്തീറ്റ സബ്‌സിഡിയായി ഫെഡറേഷൻ നൽകിയ 11.95 കോടി രൂപ ഉൾപ്പെടെ മൊത്തത്തിൽ 30.18 കോടി രൂപ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.
- കർഷകർക്ക് അധിക പാൽവിലയായിട്ട് മാത്രം 157.99 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തികവർഷം മിൽമ മേഖലാ യൂണിയനുകൾ ക്ഷീരകർഷകർക്ക് നൽകിയിട്ടുള്ളത്.
- മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്‌സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100 രൂപ സബ്‌സിഡി നൽകി വരുന്നുണ്ട്.
- ഉൽപാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം തുടങ്ങിയവ.
- കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി.
- ക്ഷീരകർഷകർക്കായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷീരസാന്ത്വനം പദ്ധതിയിലേക്ക് മിൽമയുടെ വിഹിതമായി 600 രൂപ.

മൂന്നു മേഖലായൂണിയനുകളും പൊതുവായി നൽകുന്ന മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്കു പുറമേ അതാത് മേഖലായൂണിയൻ പരിധിയിൽ വരുന്ന ക്ഷീരകർഷകർക്കായി യൂണിയനുകൾ നൽകുന്ന ചുവടെ പറയുന്ന പ്രവർത്തനങ്ങളും നടത്തി വരുന്നു. ഈ ആനുകൂല്യങ്ങൾ അതാത് മേഖലാ യൂണിയൻ പരിധിയിൽ വരുന്ന ക്ഷീരകർഷകർക്കായിരിക്കും ലഭിക്കുക.

**<u>തിരുവനന്തപുരം മേഖലാ യൂണിയൻ</u>**

- കന്നുകാലി ഇൻഷ്വറൻസ് സബ്‌സിഡി, ഇൻസെമിനേഷൻ സബ്‌സിഡി, കന്നുകാലി വായ്പാ പലിശ സബ്‌സിഡി എന്നീ സബ്‌സിഡി സ്കീമുകൾ.

- വികേന്ദ്രീകൃത മൃഗചികിത്സാ യൂണിറ്റ് സഹായം, മൊബൈൽ വെറ്ററിനറി യൂണിറ്റ്, ഫസ്റ്റ് എയിഡ് മെഡിസിനുകൾ തുടങ്ങിയ മൃഗചികിത്സാ സഹായങ്ങൾ.
- കിടാരി ദത്തെടുക്കൽ പദ്ധതി
- കിടാരികളെ വാങ്ങുന്നതിന് പലിശ രഹിത വായ്പ അനുവദിക്കുന്ന റിവോൾവിംഗ് ഫണ്ട് സ്കീം.
- അന്യ സംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ കൊണ്ടു വരുന്നതിന് ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നു.
- അംഗസംഘങ്ങളിലെ ക്ഷീരകർഷകർ മരണപ്പെടുമ്പോൾ നിയമാനുസൃത അനന്തരാവകാശിക്ക് മരണാനന്തര ധനസഹായം
- അംഗസംഘങ്ങളിലെ സജീവാംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്
- ക്ഷീരകർഷകരുടെ പെൺമക്കളുടെ വിവാഹ ചെലവുകൾക്കായുള്ള ധനസഹായം നൽകുന്ന ക്ഷീര സുമംഗലി പദ്ധതി.
- ക്ഷീരകർഷകരുടെ പെൺമക്കൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി, പെൺകുട്ടികളുടെ പേരിൽ സേവിങ്സ് ഡെപ്പോസിറ്റ് ചെയ്യുന്ന ക്ഷീര സൗഭാഗ്യ പദ്ധതി.
- ക്ഷീരകർഷകർക്ക് മാരക രോഗങ്ങൾക്കുള്ള ചികിത്സാ ചെലവുകൾ/ അവയവം മാറ്റി വയ്ക്കൽ തുടങ്ങിയവയ്ക്കായി ധന സഹായം നൽകുന്ന സാന്ത്വന സ്പർശം പദ്ധതി.

**<u>മലബാർ മേഖലാ യൂണിയൻ</u>**

- ക്ഷീരകർഷകരായ അംഗങ്ങൾക്ക് ക്യാൻസർ, ഹൃദ്രോഗം, കരൾ രോഗം, വൃക്കരോഗം പോലുള്ള ഗുരുതരമായ അസുഖങ്ങൾക്കുള്ള ചികിത്സയ്ക്ക് വേണ്ടി 20,000/- രൂപ വരെ ധനസഹായം നടപ്പിലാക്കുന്ന ക്ഷീര സമാശ്വാസം പദ്ധതി.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷീര കർഷകർക്ക് വീട് വെയ്ക്കുന്നതിന് 5 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നു. വിധവകളായ ക്ഷീരകർഷകർക്ക് മുൻഗണന നൽകുന്ന ക്ഷീര സദനം പദ്ധതി.
- ക്ഷീരകർഷകരായ അംഗങ്ങൾക്ക് കരൾ, കിഡ്നി, ഹൃദയം തുടങ്ങിയ അവയവങ്ങൾ മാറ്റി വെയ്ക്കുന്ന ശസ്ത്രക്രിയയ്ക്കായി 50,000 രൂപ ധനസഹായം നൽകുന്നു.

- ക്ഷീരകർഷകരായ അംഗങ്ങൾക്ക് കൈകാലുകൾ മുറിച്ചുമാറ്റൽ ശസ്ത്രക്രിയയ്ക്ക് 25,000 രൂപ ധനസഹായം നൽകുന്ന പദ്ധതി.
- വിധവകളായ ക്ഷീര കർഷകരുടെ പെൺമക്കളുടെ വിവാഹത്തിന് വിവാഹ സമ്മാനമായി 50,000 രൂപ നൽകുന്ന ക്ഷീര സുമനസ്സ് പദ്ധതി.
- ക്ഷീര കർഷകരുടെ പെൺമക്കളുടെ വിവാഹത്തിന് 10,000 രൂപ വിവാഹ സമ്മാനം നൽകുന്ന ക്ഷീര സുമംഗലി പദ്ധതി.
- ക്ഷീര കർഷകരുടെ ഗവൺമെന്റ് കോളേജുകളിൽ പ്രൊഫഷണൽ ബിരുദം/ പ്രൊഫഷണൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന മക്കൾക്ക് പഠനാവശ്യത്തിലേയ്ക്കായി ലാപ്ടോപ്പ് നൽകുന്നു.
- ക്ഷീര കർഷകരുടെ മക്കൾക്ക് State Veterinary Universities/ICAR Institutes/National Institutes എന്നിവിടങ്ങളിൽ വെറ്ററിനറി/ഡെയറി സയൻസ് കോഴ്സുകൾ പഠിക്കുന്നതിനായി ട്യൂഷൻ ഫീ ഇനത്തിൽ അടവാക്കുന്നതിന് ധനസഹായം നൽകുന്നു.
- പശുക്കളെ വാങ്ങുന്നതിനായി ലോൺ എടുത്തവർക്ക് മുൻ വർഷം പലിശ ഇനത്തിൽ ചിലവ് വന്ന തുക ഒരു പശുവിന് പരമാവധി 5,000 രൂപ എന്ന നിരക്കിൽ ഒരു കർഷകന് പരമാവധി രണ്ട് പശുക്കൾക്ക് 10,000 രൂപ വരെ ബാങ്ക് ലോൺ പലിശസബ്സിഡി നൽകുന്ന ധനരക്ഷാ പദ്ധതി.
- ക്ഷീര കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനായി 20 മാസക്കാലം കൊണ്ട് തിരിച്ച് പിടിക്കും എന്ന വ്യവസ്ഥയിൽ, ഒരു സംഘത്തിലെ പരമാവധി രണ്ട് കർഷകർക്ക് ഓരോ പശു വീതം, എന്ന തോതിൽ നിജപ്പെടുത്തിക്കൊണ്ട് പശു ഒന്നിന് 50,000 രൂപ വീതം പലിശ രഹിത അഡ്വാൻസായി നൽകുന്ന പശുധൻ പദ്ധതി.
- ക്ഷീര കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനായി പലിശ രഹിത വായ്പയായി 50,000 രൂപ വീതം പരമാവധി ഒരു സംഘത്തിലെ നാല് കർഷകർക്ക് അനുവദിക്കുന്ന ഫാസ്റ്റ് ട്രാക്ക് റിവോൾവിംഗ് ഫണ്ട് സ്കീം.

- ക്ഷീര കർഷകർക്ക് മക്കളുടെ വിവാഹം, ചികിത്സാ ആവശ്യാർത്ഥം, വീട് നിർമ്മാണം, കാലിത്തൊഴുത്ത് നിർമ്മാണം, മക്കളുടെ വിദ്യാഭ്യാസ ചെലവ് എന്നീ അടിയന്തിര സാഹചര്യങ്ങളെ തരണം ചെയ്യുന്നതിന് ഒരു കർഷകന് പരമാവധി 50,000 രൂപ പലിശ രഹിത വായ്പ അനുവദിക്കുന്ന എക്സിജൻസി റിവോൾവിംഗ് ഫണ്ട് സ്കീം.
- ഇ.വി.എം മരുന്നുകൾ (എത്തനോ വെറ്ററിനറി മരുന്നുകൾ) ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് സബ്സിഡിയോടെ വിതരണം ചെയ്യുന്ന പദ്ധതി.
- വികേന്ദ്രീകൃത മൃഗചികിത്സ യൂണിറ്റുകൾ
- കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ
- ഡിസീസ് കൺട്രോൾ ആൾട്ടർനേറ്റ് മെത്തേഡ്സ് പദ്ധതി :- ദേശീയ ക്ഷീര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് ജില്ലയിൽ നടത്തിവരുന്ന പദ്ധതിയാണ് ഡിസീസ് കൺട്രോൾ ആൾട്ടർനേറ്റ് മെത്തേഡ്സ് പദ്ധതി. ഈ പദ്ധതി വഴി അകിടുവീക്കം പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിനായി സി.എം.ടി പരിശോധന നടത്തി ഫലപ്രദമായി ചികിത്സിക്കുന്നതിനുള്ള മരുന്നുകൾ ക്ഷീര കർഷകർക്ക് നൽകുന്നുണ്ട്. കൂടാതെ പരമ്പരാഗത മൃഗ ചികിത്സാ മരുന്നുകളുടെ പ്രചരണം നടത്തുക വഴി കർഷകരുടെ ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും പാലിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നുണ്ട്. കൂടാതെ പാലിലെ ആന്റി ബയോട്ടിക് മരുന്നുകളുടെ അംശം, അഫ്ളാടോക്സിൻ അംശം, സൊമാറ്റിക് സെൽ അളവുകൾ എന്നിവ നൂതനമായ പരിശോധനാ ഉപകരണങ്ങളുടെ സഹായത്താൽ കണ്ടെത്തുകയും അവ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

**<u>എറണാകുളം മേഖലാ യൂണിയൻ</u>**

- വികേന്ദ്രീകൃത മൃഗ ചികിത്സ യൂണിറ്റ് സഹായം.
- കന്നുകാലി വായ്പപലിശ സബ്സിഡി.
- കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി.

| | | | |
|---|---|---|---|
| | | | • ഇൻഷുറൻസ് ഇല്ലാത്ത മരണപ്പെടുന്ന കാലികൾക്കുള്ള സാമ്പത്തിക സഹായം.<br>• കറവയന്ത്ര സബ്സിഡി.<br>• റബ്ബർമാറ്റ് സബ്സിഡി.<br>• ചാഫ് കട്ടർ സബ്സിഡി<br>• വീൽബാരോ സബ്സിഡി. |

സെക്ഷൻ ഓഫീസർ